(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൃഷിനാശം മൂലം എന്ത് തുകയുടെ നഷ്ടമാണ് ഉണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എന്ത് തുക എന്ന് വെളിപ്പെടുത്തുമോ;

(ഡി) കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിക്കുവാൻ വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉടുമ്പൻചോല താലൂക്കിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പ് സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചുവരുകയാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകളോട് നിർമ്മിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലയിലെ വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടത്തുന്നതിനും പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും ഗ്രൗണ്ട് വാട്ടർ, അഗ്രികൾച്ചർ, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളെ യോജിപ്പിച്ച് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കൺവീനറായി "വരൾച്ചാ മോണിറ്ററിംഗ് സെല്ലിന്റെ" പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഏകദേശം 9,30,94,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ഡി) പുതിയ കുഴൽകിണറുകൾ നിർമ്മാണത്തിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

ഇടുക്കി ജില്ലയ്ക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

12 [1300] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയ്ക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് തുക വീതമാണ് ഓരോ വർഷവും അനുവദിച്ചിട്ടുള്ളതെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം വർക്കുകൾക്കാണ് തുക അനുവദിച്ചതെന്നും ഏതെല്ലാം ഉത്തരവുകൾ വഴിയാണ് ഇത് അനുവദിച്ചതെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾക്ക് ധനസഹായം നല്കുന്നതിനായി ഇടുക്കി ജില്ലയ്ക്ക് 2001-2002, 2002-2003 വർഷങ്ങളിലും 2003-2004 വർഷത്തിൽ ഇതുവരെയും അനുവദിച്ച തുക താഴെകാണും പ്രകാരമാണ്:

		തുക ലക്ഷത്തിൽ
2001-02	..	393
2002-03	..	178
2003-04 (ഇതുവരെ)	..	597
ആകെ	..	1168

(സി, ഡി & ഇ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലകൾക്ക് തുക അനുവദിക്കുന്നത് ഓരോ വർക്കിനും പ്രത്യേകമല്ല. ജില്ലകൾക്കനുവദിക്കുന്ന മൊത്തം തുകയിൽ നിന്നും വർക്കുകൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ തുക അനുവദിക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഓരോ വർക്കിനും തുക അനുവദിക്കുന്ന ഉത്തരവുകൾ ലഭ്യമല്ല.

ദേവയാനി എസ്റ്റേറ്റിലെ താമസക്കാരുടെ കാർഷിക വിളകളും വീടും കാട്ടാനക്കൂട്ടങ്ങൾ നശിപ്പിച്ച സംഭവം

13 [1301] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ ദേവയാനി എസ്റ്റേറ്റിലെ താമസക്കാരുടെ കാർഷിക വിളകളും, വീടും കാട്ടാനക്കൂട്ടങ്ങൾ നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർ താമസിക്കുന്ന സ്ഥലത്തിന് പകരം ഭൂമി നൽകണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly